# യോഹന്നാന്റെ ജീവപഠനം

## ദൂത് പത്തൊമ്പത്

## പാപത്തിന്റെ ബന്ധനത്തിൻ കീഴിലുള്ളവരുടെ ആവശ്യം–ജീവന്റെ സ്വാതന്ത്രമാക്കൽ

## (1)

ഈ സുവിശേഷത്തിന്റെ രേഖയിൽ കർത്താവായ യേശു ജനത്തിന് ജീവനും ജീവസഹായവുമാണെന്ന് തെളിയിക്കുവാൻ ഒമ്പത് സംഭവങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. മൂന്നു മുതൽ ഏഴു വരെയുള്ള അദ്ധ്യായങ്ങളിൽ ആദ്യത്തെ ആറ് സംഭവങ്ങൾ, ഒരു കൂട്ടം അടയാളങ്ങളാണ്; അവ അനുലോമ വശത്ത് നമ്മുടെ ജീവനും ജീവസഹായവും എന്നനിലയിൽ കർത്താവിന്റെ വീണ്ടുംജനിപ്പിക്കൽ, തൃപ്തിവരുത്തൽ, സൗഖ്യമാക്കൽ, ജീവിപ്പിക്കൽ, പോഷിപ്പിക്കൽ, ദാഹം ശമിപ്പിക്കൽ എന്നീ ഭാവങ്ങൾ സൂചിപ്പിക്കുന്നു. എട്ടു മുതൽ പതിനൊന്നു വരെയുള്ള അദ്ധ്യായങ്ങളിലെ അവസാനത്തെ മൂന്ന് സംഭവങ്ങൾ മറ്റൊരു കൂട്ടം അടയാളങ്ങളാണ്. അവ പ്രതിലോമവശത്ത് മൂന്ന് പ്രധാന പ്രതിലോമ കാര്യങ്ങളായ പാപം, അന്ധത, മരണം എന്നിവയിൽനിന്ന് നമ്മെ വിടുവിക്കുവാൻ കർത്താവ് നമുക്ക് ജീവനാണെന്ന് സൂചിപ്പിക്കുന്നു.

വീണുപോയ മനുഷ്യർ എന്ന നിലയിൽ, എപ്പോഴും പാപം, അന്ധത, മരണം എന്നിവ നമ്മെ വിഷമിപ്പിക്കുന്നു. അന്ധത വാസ്തവത്തിൽ അർത്ഥമാക്കുന്നത് ഇരുട്ടിനെയാണ്. നിങ്ങൾ അന്ധനായിരിക്കുമ്പോൾ നിങ്ങൾ ഇരുട്ടിലാണ്, കാരണം അന്ധതയെപ്പോലെ നമ്മെ ഇരുട്ടിലാക്കുന്ന യാതൊന്നുമില്ല. അന്ധതയും ഇരുട്ടും മരണവും പാപത്തിൽനിന്ന് വരുന്നു. അന്ധതയുടെയും ഇരുട്ടിന്റെയും മരണത്തിന്റെയും അടിസ്ഥാന ഘടകം പാപമാണ്. നാം പാപം നിറഞ്ഞവരാണെങ്കിൽ, നാം തീർച്ചയായും അന്ധരായിരിക്കും; കാരണം അന്ധത എപ്പോഴും പാപകരമായ കാര്യങ്ങളോടൊപ്പം ഉണ്ട്. പാപം മരണത്തെ കൊണ്ടുവരുന്നു. എന്നാൽ പാപത്തിനും മരണത്തിനുമിടയിൽ എല്ലായ്പ്പോഴും അന്ധതയുണ്ട്. നിങ്ങൾ പാപം ചെയ്തശേഷം

മരണം കൊയ്യുന്നതിനു മുമ്പ്, നിങ്ങൾക്ക് ഇരുട്ടുണ്ട്. അതുകൊണ്ട്, പാപം, അന്ധത, മരണം എന്നിവ കർത്താവ് കൈകാര്യം ചെയ്യേണ്ടതായ മൂന്ന് പ്രതിലോമ കാര്യങ്ങളാണ്. ഈ പ്രതിലോമ കാര്യങ്ങളെ നേരിടുവാനുള്ള ഒരേയൊരു മാർഗ്ഗം കർത്താവ് നമ്മുടെ ശാശ്വതവും സ്വർഗ്ഗീയവുമായ ജീവനായിത്തീരുക എന്നതാണ്.

ഒമ്പത് സംഭവങ്ങളിൽ ഏഴാമത്തേതായ യോഹന്നാൻ 8-ലെ സംഭവം പാപം എന്ന വിഷയം പൂർണ്ണമായി വിവരിക്കുന്നു. യോഹന്നാൻ 8-ാം അദ്ധ്യായം പോലെ പാപത്തിന്റെ പ്രശ്നം വിപുലമായും സമഗ്രമായും പരമാർശിക്കുന്ന മറ്റൊരദ്ധ്യായവും മുഴുവൻ വേദപുസ്തകത്തിലുമില്ല. ഈ അദ്ധ്യായത്തിൽ നമുക്ക് പാപത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരമുണ്ട്. നാം കാണുവാനിരിക്കുന്നതു പോലെ, ഇതിനുശേഷം ഒമ്പതും പത്തും അദ്ധ്യായങ്ങളിൽ അന്ധത എന്ന വിഷയം സമഗ്രമായി വിവരിച്ചിരിക്കുന്നു. അവസാനമായി, പതിനൊന്നാം അദ്ധ്യായത്തിൽ മരണം എന്ന വിഷയം സമഗ്രമായി വിവരിച്ചിരിക്കുന്നു. പതിനൊന്നാം അദ്ധ്യായത്തിനുശേഷം വേറെ സംഭവങ്ങളൊന്നുമില്ല, കാരണം അനുലോമകാര്യങ്ങൾ വിവരിക്കപ്പെടുകയും പ്രതിലോമകാര്യങ്ങളോട് ഇടപെടുകയും ചെയ്തിരിക്കുന്നു. ഇനിയും കർത്താവ് എങ്ങനെ ജീവനായി ഒന്നാമത്തെ പ്രതിലോമകാര്യമായ പാപത്തോട് ഇടപെട്ടു എന്ന് നമുക്ക് കാണാം.

## I. ന്യായപ്രമാണമുള്ള മതം, മഹാനായ ഞാനാകുന്നവന് എതിര്

മന്ദിരം പ്രതിനിധാനം ചെയ്യുന്ന(8:2,20) ന്യായപ്രമാണമുള്ള മതത്തിന്(8:5,17), ജനത്തെ പാപത്തിൽനിന്നും അതിന്റെ മരണത്തിൽ നിന്നും വിടുവിക്കുവാൻ കഴിയുകയില്ലെന്നും, എന്നാൽ സർപ്പവിഷമേറ്റ മനുഷ്യർക്കുവേണ്ടി ഞാനാകുന്നവനായ ക്രൂശിൽ ഉയർത്തപ്പെട്ട മനുഷ്യപുത്രനായ കർത്താവായ യേശുവിന്, മതത്തിനും ന്യായപ്രമാണത്തിനും കഴിയാത്തതിനെ സാധിക്കുവാൻ കഴിയുമെന്നും, ഈ കാര്യം വെളിപ്പെടുത്തുന്നു. ന്യായപ്രമാണമാചരിക്കുന്ന മതം മഹാനായ ഞാനാകുന്നവന് എതിരാണ്. ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ രണ്ടു കാര്യങ്ങൾ-ഒരു മതവും ഒരു ജീവനുള്ള വ്യക്തിയും- ഉള്ളതായി ഈ അദ്ധ്യായം വെളിപ്പെടുത്തുന്നു. ഈ മതം ശ്രേഷ്ഠവും ഉന്നതവും മികച്ചതുമാണ്. ഈ മതം അപരിഷ്കൃതമോ അന്ധവിശ്വാസത്തിലധിഷ്ഠിതമോ അല്ല. അത് ദൈവത്തെ ആരാധിക്കുവാനും അക്ഷരാർത്ഥത്തിൽ ദൈവത്തെ ആരാധിക്കുവാനും അറിയുവാനും സഹായിക്കുന്നതും, ദൈവത്തെ പ്രസാദിപ്പിക്കുവാനും തങ്ങളെത്തന്നെ തികഞ്ഞവരാക്കുവാനുമായി ദൈവത്തിന്റെ ന്യായപ്രമാണം

അനുസരിക്കുവാൻ ജനത്തെ പിന്തുണയ്ക്കുന്നതും ആയ മാതൃകാമതമാണ്. ഈ മതം ഏറ്റവും നല്ലതാണ്; തനി യെഹൂദന്മാരെല്ലാം അതിൽ അഭിമാനിക്കുന്നു. യഥാസ്ഥിതിക യെഹൂദമതത്തെ നിങ്ങൾ ശ്രദ്ധിച്ചാൽ, അത് ഏറ്റവും ഉന്നതമാണെന്ന് നിങ്ങൾക്ക് ബോധ്യമാകും. അത് വ്യാജമല്ല. അത് പൂർണ്ണമായും യഥാർത്ഥവും കളങ്കമറ്റതുമാണ്. ഈ മതവുമായി ബന്ധപ്പെട്ടതെല്ലാം ഏറ്റവും നല്ലതാണ്. ഈ മതത്തിന് വിശുദ്ധമായ അനേക കാര്യങ്ങളുണ്ട്. ഈ വിശുദ്ധകാര്യങ്ങളുടെ ഇടയിൽ ആണ് വിശുദ്ധവചനം. ആർക്കും ഇത് നിഷേധിക്കുവാൻ കഴിയുകയില്ല.

യെഹൂദമതമാണ് ഏക യഥാർത്ഥമതം. യെഹൂദമതത്തിന്റെ വ്യാജരൂപമാണ് ഇസ്ലാം. പഴയനിയമത്തിന്റെയും പുതിയനിയമഭാഗത്തിന്റെയും വ്യാജരൂപമാണ് മുസ്ലിം ബൈബിളായ ഖുറാൻ. മുഹമ്മദ് പുതുതായി ഒന്നും രചിച്ചില്ല. അദ്ദേഹം പഴയനിയമവും പുതിയനിയമഭാഗങ്ങളും പകർത്തിയെഴുതിയതേയുള്ളൂ. അങ്ങനെ, ഇസ്ലാം ഒരു വ്യാജമതമാണ്. യെഹൂദമതവും ഇസ്ലാംമതവും ഒഴികെ വേറേ മതങ്ങളൊന്നുമില്ല. ബുദ്ധമതം ഒരു മാതൃകാമതമല്ല; അത് നിരർത്ഥകമാണ്. ശരിയായ വിധത്തിൽ പഠിപ്പിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുവാൻ ജനത്തെ മതം സഹായിക്കുന്നു. എന്നാൽ ബുദ്ധമതത്തിന് ദൈവം ഇല്ല. ബുദ്ധമതത്തിൽ എല്ലാവർക്കും ബുദ്ധനായിത്തീരുവാൻ കഴിയും. ബുദ്ധമതമനുസരിച്ച്, ഒരു പ്രത്യേക അളവിലുള്ള പൂർണ്ണത പ്രാപിക്കുന്നതുവരെ പരിശീലിക്കുകയാണെങ്കിൽ, നിങ്ങൾക്ക് ഒരു ബുദ്ധനാകുവാൻ കഴിയും. ഇത് ശുദ്ധ അസംബന്ധമാണ്; ഇതിൽ ശരിയായ പഠിപ്പിക്കലുകൾ യാതൊന്നുമില്ല. അതിനാൽ, ശരിയായ ഒരു മതമായി ഇതിനെ കണക്കാക്കരുത്. കൺഫ്യൂഷ്യസിന്റെ ഉപദേശങ്ങളെക്കുറിച്ച് എന്തുപറയുന്നു? അവ ഒരു മതമല്ല; അവ ധാർമ്മിക ഉപദേശങ്ങളാണ്. കൺഫ്യൂഷ്യസിന്റെ ഉപദേശങ്ങൾ, എങ്ങനെ പെരുമാറണമെന്ന് ജനത്തോട് പറയുന്നു, എന്നാൽ എങ്ങനെ ദൈവത്തെ ആരാധിക്കാം എന്ന് പറയുന്നില്ല. കൺഫ്യൂഷ്യസിന്റെ ഉപദേശങ്ങളെ മതമായി ഒരിക്കലും കണക്കാക്കരുത്. അതുകൊണ്ട്, മാതൃകാപരവും കളങ്കരഹിതവും സത്യവുമായ, വിശുദ്ധവചനമനുസരിച്ച് യെഹൂദന്മാർ ഉണ്ടാക്കിയ ഒരു മതമേ ഭൂമിയിലുള്ളൂ. കത്തോലിക്കാസഭയുൾപ്പെടെയുള്ള ക്രിസ്തുമതം യെഹൂദമതത്തിന്റെ ശാഖയാണ്. അതുകൊണ്ട്, ഭൂമിയിൽ ഒരു മാതൃകാമതം മാത്രമേയുള്ളൂ.

ഒരു വേദപുസ്തകം മാത്രമേയുള്ളൂ. വിശുദ്ധ വചനത്തിന്റെ സാത്താന്യമായ വ്യാജരൂപമാണ് ഖുറാൻ എന്ന് നേരത്തെ ഞങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വേദപുസ്തകംപോലുള്ള ഒന്ന് സൃഷ്ടിക്കുവാൻ ആർക്കും കഴിയുകയില്ല. മറ്റൊരു വേദപുസ്തകം എഴുതുവാൻ ആർക്ക് കഴിയും? പ്ലേറ്റോയ്ക്കോ കൺഫ്യൂഷ്യസിനോ കഴിയുമോ? ആർക്കും

മറ്റൊരു വേദപുസ്കം എഴുതുവാൻ കഴിയുകയില്ല. കാരണം ഒരു ദൈവ മേയുള്ളൂ; ദൈവത്തിനു മാത്രമേ ഇപ്രകാരം ഒരു അത്ഭുതഗ്രന്ഥം എഴുതുവാൻ കഴിയുകയുള്ളൂ. ദൈവം മറ്റൊരു വേദപുസ്തകം ഒരി ക്കലും എഴുതുകയില്ലാത്തതുകൊണ്ട് വേറൊരു വേദപുസ്തകം ഒരി ക്കലും ഉണ്ടാകുകയില്ല. ആർക്കും ഇതെഴുതുവാൻ കഴിയുകയില്ല. വേദ പുസ്തകം പോലൊരു പുസ്തകം എഴുതുവാൻ പ്രാപ്തിയുള്ളവന് ദൈവം ആയിരിക്കുവാൻ യോഗ്യതയുണ്ട്. ഇത്തരമൊരു പുസ്ത കത്തെ അനുകരിക്കുവാൻ ആർക്ക് കഴിയും? അതിലെ ജ്ഞാനത്തിന്റെ ആഴങ്ങളെ അനുകരിക്കുവാൻ ആർക്ക് കഴിയും? നിങ്ങൾക്കത് ചെയ്യുവാൻ കഴിയുമെങ്കിൽ, നിങ്ങൾ ദൈവമായിരിക്കണം. ഗലീല യിലെ ഒരു മുക്കുവൻ തന്നെ എഴുതിയതാണ് യോഹന്നാന്റെ സുവി ശേഷം എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? യോഹന്നാൻ തന്നെ ഇത്തരമൊരു പുസ്തകം എഴുതി എന്നു നിങ്ങൾ വിശ്വസിക്കു ന്നുണ്ടോ? “ആദിയിൽ വചനമുണ്ടായിരുന്നു.... വചനം ദൈവമായി രുന്നു,” “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു,” “ഞാൻ ജീവന്റെ അപ്പമാകുന്നു,“നിങ്ങൾക്ക് ജീവജലം നൽകുവാൻ എനിക്ക് കഴിയും”- യേശുവിനു മാത്രമേ ഇത്തരം കാര്യങ്ങൾ പറയുവാൻ കഴിയൂ. യോഹ ന്നാന്റെ സുവിശേഷം പോലൊരു പുസ്തകം എഴുതുവാൻ യേശു വിനു മാത്രമേ കഴിയുകയുള്ളൂ.

Tue എന്നിരുന്നാലും, ദൈവത്തിന്റെ വ്രതന്മാർക്ക്, അവൻ തിരഞ്ഞെ ടുത്തവർക്ക് തെറ്റായ ധാരണ ഉണ്ടായിരുന്നു. ദൈവംതന്നെ പുത്ര നിലും ആത്മാവായും മനുഷ്യനിലേക്ക് അവന്റെ ജീവനും സർവ്വവു മായി വരുവാൻ ആഗ്രഹിക്കുന്നു, എന്ന കേന്ദ്രവിഷയത്തിന് അവർ പൂർണ്ണ ശ്രദ്ധ കൊടുത്തില്ല. ദൈവത്തിന്റെ ജനം, ഈ ലക്ഷ്യം തെറ്റി യിട്ട് സകല ചട്ടങ്ങളും നിയമങ്ങളും മറ്റു നല്ല ആശയങ്ങളും ശേഖ രിച്ച് ഒരുമിച്ച്കൂട്ടി അവകൊണ്ട് തന്നെത്താൻ കൊല്ലുന്ന ഒരു മതമു ണ്ടാക്കി. എത്ര ദയനീയം! അങ്ങനെ, യോഹന്നാൻ 8-ന്റെ കാലമായ പ്പോഴേക്കും രണ്ടു കാര്യങ്ങൾ ഭൂമിയിലുണ്ടായിരുന്നു: ഒരു മതവും ഒരു ജീവനുള്ള വ്യക്തിയും. നാമെല്ലാവരും ഈ വൈരുദ്ധ്യം കാണ ണം.

യെഹൂദമതം ശരിയായതും അത്ഭുതം നിറഞ്ഞതും ആയിരുന്നു. മഹാനായ ഞാനാകുന്നവന് എതിരായിരുന്നു എന്നതിലൊഴികെ മറ്റെല്ലാ കാര്യങ്ങളിലും അത് നല്ലതായിരുന്നു. മതം നല്ലതായിരിക്കാം, എന്നാൽ നിങ്ങൾക്ക് ജീവൻ നൽകുവാൻ അതിന് കഴിയുകയില്ല. നിങ്ങൾ മരിച്ചവർ ആകക്കൊണ്ട് അതിന് നിങ്ങളെ സഹായിക്കുവാൻ കഴിയുകയില്ല. മരിച്ച വ്യക്തിക്ക് നല്ലകാര്യമല്ല ആവശ്യം; അവന് ജീവനിൽനിന്നുള്ള ഒന്നാണ് ആവശ്യം. ജീവനു മാത്രമേ മരിച്ച ഒരു മനുഷ്യനെ സഹായിക്കുവാൻ കഴിയൂ. മരിച്ച ഒരു മനുഷ്യനോട് നിങ്ങ ൾ ഇങ്ങനെ പറയുന്നു എന്നു വിചാരിക്കുക,“പാവം മനുഷ്യാ, ഇതാ

പൊന്നും വജ്രങ്ങളും. നിങ്ങൾ മരിച്ചവനായിരിക്കരുത്. പൊന്നിനെ നോക്കൂ-എത്ര വിലയുള്ളത്! വജ്രങ്ങൾ നോക്കൂ- എത്ര അമൂല്യം!" മരിച്ചവനോട് ഇപ്രകാരം പറയുന്നത് ഭോഷത്വമാണ്. അവന് ഒന്നും കേൾക്കുവാൻ കഴിയുകയില്ല. അഞ്ചാം അദ്ധ്യായത്തിൽ കുളത്തിനരികെ കുരുടർ, മുടന്തർ, വ്യാധിക്കാർ തുടങ്ങിയവർ കിടന്നിരുന്ന മണ്ഡപങ്ങൾ നാം കണ്ടു. അത്തരം ആളുകളോട് നിങ്ങൾ പ്രസംഗിക്കേണ്ടി വന്നാൽ,"നിങ്ങൾ സമയം കളയേണ്ടതില്ല. എനിക്ക് നല്ല കാര്യങ്ങളല്ല ആവശ്യം. എനിക്ക് വേണ്ടത് ജീവനാണ്"എന്ന് അവർ പറയും.

ആരാണ് കർത്താവായ യേശു? അവൻ ഞാനാകുന്നവനായ യഹോവ തന്നെയാണ്. ദൈവത്തിന്റെ പേര്, ഉല്പത്തി 1 അനുസരിച്ച് അവന്റെ സൃഷ്ടിയോടുള്ള ബന്ധത്തിൽ ഏലോഹിം, ദൈവം എന്നാണ്. സൃഷ്ടിക്കുശേഷം ഉല്പത്തി 2-ൽ, ദൈവം മനുഷ്യനുമായി ബന്ധമുണ്ടാക്കുവാൻ ശ്രമിക്കുമ്പോൾ, ദൈവത്തിന്റെ മറ്റൊരു പേരായ യഹോവ, ഞാനാകുന്നവനായ ഞാൻ, എന്ന് പറഞ്ഞിരിക്കുന്നു. യഹോവ എന്നത് മനുഷ്യനോടുള്ള ബന്ധത്തിലുള്ള ദൈവത്തിന്റെ പേരാണ്. യോഹന്നാൻ 8-ന്റെ കാലത്ത് യഹോവ രക്ഷകനായ യഹോവ എന്നർത്ഥം വരുന്ന യേശു എന്ന പേരിൽ ഒരു ചെറിയ മനുഷ്യനായി നിന്നു. പുറംകാഴ്ച ശ്രദ്ധിക്കരുതെന്ന പാഠം നിങ്ങൾ പഠിക്കണം. ഞാൻ വീണ്ടും പറയുന്നു. നിങ്ങൾ പുറംകാഴ്ച മാത്രം ശ്രദ്ധിക്കുകയാണെങ്കിൽ, തീർച്ചയായും നിങ്ങൾക്ക് ലക്ഷ്യം തെറ്റും. അക്കാലത്തെ യെഹൂദ മതാനുസാരികൾക്ക് ലക്ഷ്യം തെറ്റുവാൻ കാരണം അവർ ആ ചെറിയ യേശുവിനെ നിരസിച്ചു എന്നതായിരുന്നു. യേശുവിന് രൂപഗുണമോ കോമളത്വമോ സൗന്ദര്യമോ ആകർഷണീയതയോ ഇല്ലായിരുന്നു. എന്നിരുന്നാലും, അവൻ മഹാനായ ഞാനാകുന്നവൻ ആയിരുന്നു.

## A. മനുഷ്യപുത്രൻ ആയിത്തീരുന്നു

ഈ മഹാനായ ഞാനാകുന്നവൻ, മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവംതന്നെ, മനുഷ്യപുത്രൻ ആയിത്തീർന്നു. ഇത് വളരെ അർത്ഥവത്താണ്. യഹോവ മനുഷ്യപുത്രൻ ആയിത്തീർന്നു എന്നാൽ അവനെത്തന്നെ താഴ്ത്തി, അവനെത്തന്നെ എളിമപ്പെടുത്തി എന്നാണർത്ഥം. മനുഷ്യനിലുള്ള എല്ലാ പ്രതിലോമ പ്രശ്നങ്ങളും നിമിത്തം ഇത് വളരെയേറെ ആവശ്യമായിരുന്നു. പാപം മനുഷ്യനിലുണ്ട്. പിശാച് എന്ന സർപ്പവും മനുഷ്യനിലുണ്ട്. എല്ലാ പ്രശ്നത്തിന്റെയും ദൃഷ്ടികേന്ദ്രം മനുഷ്യനാണ്. ദൈവത്തിന് മനുഷ്യന്റെ എല്ലാ അടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കണമെങ്കിൽ, അവന് ഒരു മനുഷ്യനാകണമായിരുന്നു. സാത്താന് ഇതിന്റെ പ്രാധാന്യമറിയാം. കർത്താവായ യേശു ദൈവപുത്രനായിരിക്കുന്നതിൽ സാത്താന് ഭയമില്ലായിരുന്നു. കർത്താവായ യേശു ഒരു മനുഷ്യനായിരിക്കുന്നത് അവൻ ഭയപ്പെട്ടി

രുന്നു. അതുകൊണ്ട്, യഹോവയായ ദൈവം ഒരു മനുഷ്യനായിത്തീർന്നു.

## B. പിശാചിനെ പുറത്താക്കുവാൻ മനുഷ്യനുവേണ്ടി ക്രൂശിൽ ഉയർത്തപ്പെട്ടു

ഒരു മനുഷ്യനെന്ന നിലയിൽ, മരുഭൂമിയിൽ പിച്ചള സർപ്പം എന്നപോലെ(സംഖ്യാ.21:4-9), ഉയർത്തപ്പെടുവാൻ(യോഹ.3:14) അവൻ മനസ്സുവച്ചു. കർത്താവായ യേശു ക്രൂശിക്കപ്പെട്ടു എന്നു നാം പറയുമ്പോൾ, നാം മുഖ്യമായും അർത്ഥമാക്കുന്നത് നമ്മുടെ വീണ്ടെടുപ്പിനായി മരിച്ചുവെന്നും നമ്മുടെ പാപം നീക്കിക്കളഞ്ഞുവെന്നും ആണ്. എന്നാൽ ക്രിസ്തു ഉയർത്തപ്പെട്ടു എന്നു പറയുമ്പോൾ വേദപുസ്തകം എന്താണ് അർത്ഥമാക്കുന്നത്? ഇത് പ്രധാനമായും പിശാച് എന്ന സർപ്പത്തോടുള്ള അവന്റെ ഇടപെടലിനെയാണ് പരാമർശിക്കുന്നത്. "ഉയർത്തപ്പെട്ടു"എന്ന പദം വായിക്കുമ്പോൾ മിക്കവർക്കും അതിനെ സംബന്ധിച്ച ഗ്രാഹ്യം ഇല്ല. പിച്ചളസർപ്പം എന്നപോലെ മനുഷ്യപുത്രൻ ഉയർത്തപ്പെട്ടത് പാപത്തോട് ഇടപെടുവാൻ മാത്രമല്ല, സർപ്പത്തോട് ഇടപെടുവാനുമായിരുന്നു. യോഹന്നാൻ 12:31-32 മനുഷ്യപുത്രൻ ഉയർത്തപ്പെടുമ്പോൾ ലോകത്തിന്റെ പ്രഭുവായ പിശാച് ന്യായംവിധിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്തു എന്ന് കാണിക്കുന്നു. ക്രിസ്തു ക്രൂശിക്കപ്പെടുക മാത്രമല്ല, അവൻ ഉയർത്തപ്പെടുകയും ചെയ്തു. അവന്റെ ഉയർത്തപ്പടലിൽ, സർപ്പം തുറന്നുകാട്ടപ്പെടുകയും ന്യായംവിധിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്തു. യേശുവിന്റെ ഉയർത്തപ്പെടലിനാൽ പിശാച് എന്ന സർപ്പം ന്യായംവിധിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്തു. ആ കൊടിമരത്തിൽ ആരായിരുന്നു? സർപ്പം. യേശുവിന്റെ ജഡത്തിൽ, ദൈവം സർപ്പത്തെ കൊടിമരത്തിൽ ആക്കിവയ്ക്കുകയും തന്റെ ശത്രുവായ സർപ്പം കൊടിമരത്തിലാണെന്ന് പ്രപഞ്ചമാകമാനം കാണുവാൻ ഒരു സാർവ്വത്രിക പ്രദർശനം നടത്തുകയും ചെയ്തു. അങ്ങനെ, പിശാചിനെ ന്യായംവിധിക്കുവാനും തള്ളിക്കളയുവാനുമായി യേശു ഉയർത്തപ്പെട്ടു.

# II. പാപത്തോട് ബന്ധപ്പെട്ട വശങ്ങൾ

## A. പാപമില്ലാത്ത മനുഷ്യനില്ല

കർത്താവായ യേശുവിൽ കുറ്റം കണ്ടെത്തുവാൻ മതാനുസാരികൾ അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരുന്നു. അഞ്ചും ഏഴും അദ്ധ്യായങ്ങൾക്കുശേഷം അവർ യേശുവിനെ ഒരു ദുർഘട സാഹചര്യത്തിലാക്കുവാൻ ശ്രമിച്ചു. അവർ ഒരു പാപിയായ സ്ത്രീയെ പിടിച്ച് കർത്താവായ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. ന്യായപ്രമാണ

മനുസരിച്ച്, അത്തരം പാപിയായ സ്ത്രീയെ കല്ലെറിഞ്ഞ് കൊല്ലണമായിരുന്നു. എന്നാൽ മതാനുസാരികൾ അത് ചെയ്തില്ല. അവർ കർത്താവിനെ കുടുക്കുവാനായി അവളെ അവന്റെ അടുക്കൽ കൊണ്ടുവന്നു. "ഗുരോ, ഈ സ്ത്രീയെ വ്യഭിചാരകർമ്മത്തിൽ തന്നെ പിടിച്ചിരിക്കുന്നു. ഇങ്ങനെയുള്ളവരെ കല്ലെറിയണം എന്നു മോശ ഞങ്ങളോട് കല്പിച്ചിരിക്കുന്നു. നീ എന്തു പറയുന്നു?" എന്ന് അവർ പറഞ്ഞു. മതാനുസാരികൾ തികച്ചും ധൈര്യമുള്ളവരായിരുന്നു. അവർ ഒരു കുടുക്കു ചോദ്യം കർത്താവിനോട് ചോദിച്ചു. അവളെ കല്ലെറിഞ്ഞു കൊല്ലണമെന്ന് അവൻ പറഞ്ഞിരുന്നുവെങ്കിൽ, രക്ഷകനും വീണ്ടെടുപ്പുകാരനും എന്ന അവന്റെ പദവി അവന് നഷ്ടപ്പെടുമായിരുന്നു. ഇത്തരം ഒരു പാപി കല്ലെറിഞ്ഞ് കൊല്ലപ്പെടണമെന്ന് ഒരു *രക്ഷകന്* പറയുവാൻ കഴിയുമായിരുന്നുവോ? രക്ഷകനും വീണ്ടെടുപ്പുകാരനും എന്ന നിലയിൽ കർത്താവിനത് തീർച്ചയായും പറയുവാൻ കഴിയുമായിരുന്നില്ല. എന്നാൽ, മറുവശത്ത്, അവർ അവളെ കല്ലെറിഞ്ഞു കൊല്ലരുതെന്ന് പറഞ്ഞിരുന്നുവെങ്കിൽ അവൻ ന്യായപ്രമാണം ലംഘിക്കുന്നുവെന്ന് അവർ പറയുമായിരുന്നു. ഈ ചോദ്യം ശത്രുവിന്റെ നിഗൂഢമായ ഒരു ഉപായമായിരുന്നു. തങ്ങൾ വളരെ ബുദ്ധിയുള്ളവരാണെന്ന് മതാനുസാരികൾ കരുതി. വാസ്തവത്തിൽ അവർ വിവേകശൂന്യരായിരുന്നു. മറുപടി പറയുവാൻ കർത്താവായ യേശു ബുദ്ധിമുട്ടുമെന്നും അവനെ പിടിക്കുവാൻ അവർക്ക് നല്ലൊരവസരം ലഭിക്കുമെന്നും അവർ കരുതി.

ഈ ചോദ്യം കർത്താവിനോട് ചോദിച്ചപ്പോൾ അവൻ ഒരു വാക്കും പറഞ്ഞില്ല. ഒരു ചോദ്യത്തിന് ഉത്തരം പറയുവാനുള്ള ബുദ്ധിപരമായ മാർഗ്ഗം ഉത്തരം പറയാതിരിക്കുന്നതോ പിന്നീട് ഉത്തരം പറയുന്നതോ സാവധാനം ഉത്തരം പറയുന്നതോ ആണ്. അവരുടെ ചോദ്യത്തിനുള്ള കർത്താവിന്റെ അദ്യ പ്രതികരണം പെട്ടെന്നുത്തരം പറഞ്ഞില്ല എന്നതായായിരുന്നു. നാമും ഈ ജ്ഞാനം പഠിക്കണം. തിടുക്കത്തിലുള്ള ചോദ്യവുമായി ആളുകൾ വരുമ്പോൾ, നിങ്ങൾ കർത്താവിൽനിന്ന് പഠിക്കണം. അവൻ നിലത്ത് എഴുതുവാനായി കുനിഞ്ഞതേയുള്ളു. തണുത്ത വെള്ളം തിളയ്ക്കുന്ന വെള്ളത്തെ തണുപ്പിക്കുന്നതുപോലെ നിശബ്ദത ആളുകളെ തണുപ്പിക്കുന്നു. കർത്താവ് എഴുതുവാനായി കുനിഞ്ഞപ്പോൾ അവൻ സാഹചര്യത്തെ തണുപ്പിക്കുകയായിരുന്നു. അതേസമയം ചൂടായ സാഹചര്യത്തെ തണുപ്പിച്ചതിലൂടെ പാപിയായ സ്ത്രീക്ക് ആശ്വാസം ലഭിച്ചു. നിലത്ത് എഴുതുവാനായി യേശു കർത്താവ് കുനിഞ്ഞത് മതാനുസാരികൾ അത്ര അഭിമാനികളായിരിക്കാതെ തങ്ങളെത്തന്നെ അല്പം താഴ്മയുള്ളവരാക്കണമെന്ന് കാണിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ആ സ്ത്രീയെപ്പോലെതന്നെ തങ്ങളും പാപം നിറഞ്ഞവരാണെന്ന് അവർ മനസ്സിലാക്കണമായിരുന്നു.

ഞാൻ യുവാവായിരുന്നപ്പോൾ കർത്താവായ യേശു നിലത്തെഴുതിയത് എന്താണെന്ന് കണ്ടുപിടിക്കുവാൻ ഞാൻ ശ്രമിച്ചു. അനേക തലമുറകളിലായി ആർക്കും അവനെഴുതിയതെന്തെന്ന് പറയുവാൻ കഴിഞ്ഞിട്ടില്ല."നിങ്ങളുടെ ഇടയിൽ പാപമില്ലാത്തവൻ ആരുണ്ട്?" എന്നായിരിക്കാം അവനെഴുതിയതെന്ന് ഞാൻ അനുമാനിക്കുന്നു. ഇങ്ങനെയുള്ള സ്ത്രീയെ എന്തു ചെയ്യണമെന്ന് പരീശന്മാർ ചോദിച്ചുകൊണ്ടിരിക്കുമ്പോൾ വലിയ അക്ഷരങ്ങളിൽ കർത്താവ് എഴുതിക്കാണണം,"പാപമില്ലാത്തവൻ ആരുണ്ട്?"എന്ന്. കർത്താവ് നിലത്ത് എഴുതുവാനായി കുനിഞ്ഞപ്പോൾ എല്ലാവരും അവനെ തുറിച്ചുനോക്കുകയായിരുന്നു. പിന്നെ കർത്താവെഴുന്നേറ്റുനിന്നു പറഞ്ഞു,"നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമത് അവളെ കല്ലെറിയട്ടെ"(8 :7). "നിങ്ങൾക്ക് ഇവളെ കല്ലെറിഞ്ഞ് കൊല്ലാം, എന്നാൽ ആരെങ്കിലും അതിന് നേതൃത്വം എടുക്കണം. പാപമില്ലാത്ത ഒരുവനൊഴികെ ഇതിന് നേതൃത്വം എടുക്കുവാൻ ഇക്കൂട്ടത്തിൽ യോഗ്യതയുള്ള ഒരുവനുമില്ല. ഇതിൽ പാപമില്ലാത്തവൻ ഒന്നാമതായി അവളെ കല്ലെറിയട്ടെ" എന്ന് കർത്താവ് പറഞ്ഞതായി കരുതാം. ഈ വാക്കുകൾ അവരുടെ മനസ്സാക്ഷിയിലേക്ക് തുളച്ചു കയറി. കർത്താവ് ഈ വാക്കുകൾ പറയുന്നതിനു മുമ്പുതന്നെ, അവൻ നിലത്ത് എഴുതിക്കൊണ്ടിരിക്കുമ്പോൾതന്നെ, അവരുടെ മനസ്സാക്ഷി സ്പർശിക്കപ്പെട്ടു എന്ന് ഞാൻ വിശ്വസിക്കുന്നു. മതാനുസാരികൾ എന്ത് ചെയ്തു? പ്രായമുള്ളവർ തുടങ്ങി ഇളയവർ വരെ ഓരോരുത്തനായി വിട്ടുപോയി(8:9). ഏറ്റവും ബുദ്ധിയുള്ളത് ഏറ്റവും പ്രായമുള്ളവർക്കായതുകൊണ്ട് അവർ ആദ്യം പോയി. സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുന്നതിന് നേതൃത്വമെടുക്കുവാൻ തങ്ങൾക്ക് യോഗ്യതയില്ലന്ന് അവർക്കറിയാമായിരുന്നു. എന്നാൽ ഓടിപ്പോകുന്നതിന് നേതൃത്വമെടുക്കുവാൻ അവർ യോഗ്യരായിരുന്നു. ഇളയവരെല്ലാം അവരെ അനുഗമിച്ചു.

പാപമില്ലാത്തവൻ ആരുണ്ട്? അരുമില്ല. മറ്റുള്ളവരെ വിധിക്കരുത്, കാരണം നിങ്ങൾ മറ്റുള്ളവരെ വിധിക്കുമ്പോൾ നിങ്ങളും അവരെപ്പോലെയാണ്. മറ്റുള്ളവരെ വിധിക്കുവാനുള്ള യോഗ്യത നിങ്ങൾക്കില്ല. നിങ്ങൾ ഒരേതൂവലുള്ള പക്ഷികളാണ്. നിങ്ങൾ മറ്റൊരു പക്ഷിയെ വിധിക്കുന്നുവെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ വിധിക്കുന്നു. മഹാനായ ഞാനാകുന്നവൻ മാത്രമേ പാപമില്ലാത്തവനായുള്ളു. അവൻ മാത്രമേ പാപത്തെ വിധിക്കുവാൻ യോഗ്യനായുള്ളു. കർത്താവായ യേശുവിന് എത്രമാത്രം ജ്ഞാനമുണ്ട്! മതാനുസാരികൾ പോയശേഷം എത്ര സ്നേഹത്തോടും സൗമ്യതയോടും കർത്താവ് തന്നെത്തന്നെ ആ പാപിയായ സ്ത്രീക്ക് വെളിപ്പെടുത്തി എന്ന് നോക്കുക. അവളെ ആരും ശിക്ഷ വിധിച്ചില്ലയോ എന്ന് കർത്താവ് അവളോട് ചോദിച്ച

തിന്, “ഇല്ല കർത്താവേ”എന്നു അവൾ പറഞ്ഞു. അപ്പോൾ യേശു, “ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല”(8:11)എന്നു പറഞ്ഞു. ആ സ്ത്രീയുടെ സംഭ്രമിച്ചിരുന്ന ദേഹിക്ക് അത് സംഗീതമായിരുന്നു.

ഈ സംഭവം കർത്താവിന്റെ ജ്ഞാനം വെളിപ്പെടുത്തുന്നു. ജനം പാപിയായ സ്ത്രീയെ കുറ്റം വിധിക്കുവാൻ വന്നു, എന്നാൽ കർത്താവിന്റെ ചോദ്യം, അവരുടെതന്നെ പാപങ്ങൾ അവരെ ബോധ്യപ്പെടുത്തി. ആളുകൾ ചോദ്യങ്ങളുമായി നിങ്ങളുടെ നേരേ വരുമ്പോൾ നിങ്ങൾ ശ്രദ്ധാലുക്കളായി ചോദ്യം അവരുടെ നേരെ തിരിക്കണം. അവരെക്കുറിച്ചുതന്നെ അവരോട് ചോദിച്ചു കൊണ്ടായിരിക്കണം നിങ്ങൾ അവർക്ക് ഉത്തരം കൊടുക്കേണ്ടത്. അപ്പോൾ നിങ്ങൾ അവരുടെ മനസ്സാക്ഷിയെ തൊടുകയും അവർക്ക് ബോധ്യം വരുത്തുകയും ചെയ്യും. ഒടുവിൽ അവർ കുറ്റബോധം വന്ന് ഓടിപ്പോകും.

## B. പാപത്തിന്റെ ഉറവിടം-പിശാച്

പിശാചാണ് പാപത്തിന്റെ ഉറവിടം(8:44). പാപം പിശാചിന്റെ പ്രകൃതമാണ്; പിശാചിന്റെ പ്രകൃതമായ പാപം ഒരു ഭോഷ്കാണ്. പാപം ഒരു ഭോഷ്കാണ്, ഒരു വ്യാജമാണ്. പാപകരമായതെല്ലാം അയഥാർത്ഥമാണ്. ഭോഷ്കിന്റെ ഫലം മരണവും അന്ധകാരവുമാണ്. മരണവും അന്ധകാരവും വ്യാജങ്ങൾ എന്ന നിലയിൽ യഥാർത്ഥ്യത്തിനെതിരാണ്. പിശാച് ഭോഷ്ക് പറയുന്നവരുടെ അപ്പനായതുകൊണ്ട് അവൻ പാപത്തിന്റെ ഉറവിടമാണ്. ദൈവത്തിന്റെ ദിവ്യമൂലകം ജീവനും വെളിച്ചവുമായി മനുഷ്യന്റെ ഉള്ളിൽ പ്രവർത്തിച്ച്, മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽനിന്ന് സ്വതന്ത്രനാക്കുന്നു. എന്നാൽ പിശാചിന്റെ ദുഷ്ടമൂലകം മരണത്താലും ഇരുട്ടിനാലും പാപമായി മനുഷ്യനിൽ പ്രവർത്തിച്ച് മനുഷ്യനെ പാപത്തിന് അടിമയാക്കുന്നു. അവന്റെ പ്രകൃതം ഭോഷ്കാണ്; അത് മരണത്തെയും ഇരുട്ടിനെയും ഉളവാക്കുന്നു. ഇരുട്ടിനോടുകൂടെയാണ് സത്യത്തിന്, യാഥാർത്ഥ്യത്തിന്, എതിരായ വ്യാജം.

പാപികളായ മക്കളെ ജനിപ്പിച്ചിരിക്കുന്ന ദുഷ്ടപിതാവാണ് പിശാച് (1 യോഹ.3:10). പാപികളായ മക്കൾ എല്ലാവരും പിശാചിന്റെ അനുഗാമികളാണ്. അങ്ങനെ 1 യോഹന്നാൻ 3:10-ൽ “പിശാചിന്റെ മക്കൾ” എന്ന പദപ്രയോഗം നമുക്കുണ്ട്. കാരണം പിശാച് പാപികളുടെ പിതാവും പാപികൾ പിശാചിന്റെ മക്കളും ആണ്. പിശാച് പഴയ സർപ്പമാണ്(വെളി.12:9;20:2). പാപികളും“സർപ്പങ്ങൾ, അണലികളുടെ തലമുറ”ആണ് (മത്താ.23:33; 3:7). അതുമൂലം, അവർക്കുവേണ്ടി സർപ്പരൂപത്തിൽ ക്രൂശിന്മേൽ ഉയർത്തപ്പെടുവാൻ കർത്താവിനെ അവർക്ക് ആവശ്യമാണ്(യോഹ.3:14).

### C. പാപത്തിന്റെ അടിമകൾ

പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാകുന്നു(8:34). ഒരു അടിമ എപ്പോഴും ഒരു പ്രത്യേക ബന്ധനത്തിൻ കീഴിലായിരിക്കും. മനുഷ്യനെ പാപം ചെയ്യുവാൻ നിർബന്ധിക്കുന്ന പാപപ്രകൃതമായി തന്നെത്തന്നെ മനുഷ്യനിലേക്ക് പകർന്നുകൊണ്ട് പിശാച്, എന്ന സാത്താൻ, മനുഷ്യവർഗ്ഗത്തെ മുഴുവൻ പാപത്തിന്റെ അടിമത്തത്തിലേക്ക് കൊണ്ടുവന്നു. ഇത്തരം ഒരു അടിമത്തത്തിൽനിന്ന് സ്വയം സ്വതന്ത്രമാകുവാൻ ആർക്കും സാദ്ധ്യമല്ല.

### D. പാപത്തിന്റെ പരിണതഫലം–മരണം

പാപത്തിന്റെ പരിണതഫലം മരണമാണ്(8:24,51-52).“ഞാൻ ആകുന്നവൻ എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും”എന്ന് 24-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. മരണം പാപത്തിലൂടെ വന്നു. “എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു”(റോമ.5:12). ഒരുവൻ പാപിയായിരിക്കുന്നിടത്തോളം, അവൻ മരണത്തിന് വിധിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, പാപത്തിന്റെ പരിണതഫലം മരണമാണ്.

### E. പാപത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന കാര്യങ്ങൾ

പാപത്തിൽ അടങ്ങിയിരിക്കുന്ന മൂന്ന് പ്രധാന കാര്യങ്ങൾ വ്യഭിചാരം അഥവാ ദുർന്നടപ്പ്, കൊലപാതകം, ഭോഷ്കുകൾ എന്നിവയാണ്(8:3,41,44). ഈ കാര്യങ്ങൾ പാപത്തിന്റെ ഏറ്റവും പാപകരമായ വശങ്ങളാണ്. വ്യഭിചാരം, കൊലപാതകം, ഭോഷ്ക് എന്നിവപോലെ പാപകരമായ പാപത്തിന്റെ മറ്റൊരു വശം കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിയുമോ എന്ന് ചിന്തിക്കുക. പാപത്തിന്റെ മുഴുവൻ ബന്ധത്തെയും പ്രതിനിധാനം ചെയ്യുന്ന ഈ മൂന്നു വശങ്ങളെക്കാൾ പാപകരമായയാതൊന്നുമില്ല. പാപകരമായ എല്ലാ കാര്യങ്ങളും ഈ മൂന്ന് വിഭാഗങ്ങളിൽപെടുന്നു. വ്യഭിചാരം അഥവാ ദുർന്നടപ്പ് എന്നാൽ ചിന്താക്കുഴപ്പം എന്നാണർത്ഥം. മാനവജാതിയെ ചിന്താക്കുഴപ്പത്തിലാക്കുന്നതെല്ലാം ഒരു തരം വ്യഭിചാരം അഥവാ ദുർന്നടപ്പാണ്. കൊലപാതകം കൊലയും ഭോഷ്ക്ക് വഞ്ചനയുമാണ്. പാപകരമായ ഏതും ഒന്നുകിൽ ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുന്നു, കൊല്ലുന്നു അല്ലങ്കിൽ വഞ്ചിക്കുന്നു.

## III. പാപം എന്ന പ്രശ്നം എങ്ങനെ പരിഹരിക്കാം?

### A. പാപമില്ലാത്ത ഒരു മനുഷ്യൻ മാത്രം

ഈ അദ്ധ്യായം അനുലോമവശത്ത് കുറേകൂടെ വെളിപ്പെടുത്തുന്നു; കാരണം പാപത്തിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാം

എന്ന് ഈ അദ്ധ്യായം നമ്മോട് പറയുന്നു. ആദ്യമായി പാപമില്ലാത്തവനായ ഒരേയൊരുവനെ ഈ അദ്ധ്യായം വെളിപ്പെടുത്തുന്നു. ഈ ആകമാന പ്രപഞ്ചത്തിലും പാപമില്ലാത്തവൻ ആരാണ്? അത് കർത്താവായ യേശു മാത്രമാണ്. അവൻ പാപമില്ലാത്തവനാണ്(8:7,9).

## B. പാപത്തെ വിധിക്കുവാൻ യോഗ്യൻ യേശു മാത്രം, എന്നാൽ അവൻ അത് ചെയ്യുകയില്ല

നിങ്ങളെ വിധിക്കുവാൻ യോഗ്യൻ ആരാണ്? ആർക്കാണ് ഈ സ്ഥാനമുള്ളത്? പാപമില്ലാത്ത ഒരുവനു മാത്രം. നിങ്ങളെ വിധിക്കുവാൻ യോഗ്യനും സ്ഥാനമുള്ളവനുമായ ഒരേയൊരുവൻ കർത്താവായ യേശു തന്നെയാണ്, കാരണം അവൻ പാപത്തിന്റെ കളങ്കമൊന്നും ഇല്ലാത്തവനാണ്. അവൻ നിങ്ങളെ കുറ്റം വിധിക്കുവാൻ യോഗ്യനാണെങ്കിലും അവൻ അത് ചെയ്യുകയില്ല.

## C. പാപികളുടെ പാപം നിമിത്തം ഉയർത്തപ്പെട്ടു

പാപികളുടെ പാപം നിമിത്തം കർത്താവായ യേശു ഉയർത്തപ്പെട്ടു(8:28). പാപം സർപ്പത്തിന്റെ മൂർത്തരൂപവും പാപികളുടെ പാപം സർപ്പത്തിന്റെ വിഷവുമാണ്. വീണ്ടെടുപ്പിനുവേണ്ടി കർത്താവായ യേശു ദൈവത്തിന്റെ കുഞ്ഞാട് ആകണമായിരുന്നു; എന്നാൽ സർപ്പപ്രകൃതത്തോട് ഇടപെടേണ്ടതിന് കർത്താവായ യേശു സർപ്പസാദൃശ്യത്തിൽ ഉയർത്തപ്പെടണമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപകരമായ സർപ്പപ്രകൃതത്തോട് ഇടപെടുന്നതിന് ഒരു സർപ്പത്തിന്റെ രൂപത്തിൽ ക്രൂശിന്മേൽ അവൻ ഉയർത്തപ്പെടണമായിരുന്നു.

## D. മനുഷ്യന്റെ പാപം മോചിക്കുവാൻ യോഗ്യനും പാപത്തിന്റെ അടിമത്തത്തിൽനിന്ന് മനുഷ്യനെ സ്വതന്ത്രനാക്കുവാൻ കഴിയുന്നവനും

കർത്താവ് മനുഷ്യന്റെ പാപം മോചിക്കുവാൻ യോഗ്യനും പാപത്തിന്റെ അടിമത്തത്തിൽനിന്ന് മനുഷ്യനെ സ്വതന്ത്രനാക്കുവാൻ കഴിയുന്നവനുമാണ്(8:32-34). കർത്താവ് നമുക്ക് ജീവൻ നൽകുക മാത്രമല്ല, അവൻ നമ്മിലേക്ക് നമ്മുടെ ജീവനായി പ്രവേശിക്കുകയും ചെയ്യുന്നു. സാത്താൻെറ ഉപായം നമ്മെക്കൊണ്ട് ചില തെറ്റുകൾ ചെയ്യിക്കുക മാത്രമല്ല; അവനെത്തന്നെ നമ്മിലേക്ക് കുത്തിവയ്ക്കുക എന്നതും ആയിരുന്നു. അങ്ങനെ, പാപം ഇനി വസ്തുനിഷ്ഠമായ പുറമേയുള്ള തെറ്റായ പ്രവൃത്തി മാത്രമല്ല. നമ്മുടെ ആളത്തത്തിൻെറ അനുഭവനിഷ്ഠമായ പ്രകൃതത്തിൽതന്നെയുണ്ട് പാപം. അത് നമ്മുടെ പുറമേയുള്ളതല്ല. അത് നമ്മുടെ ഉള്ളിലുള്ളതാണ്. അത് നമ്മുടെ സ്വയംപോലും ആയിത്തീർന്നിരിക്കുന്നു. അത് നമ്മുടെ പ്രകൃതത്തിലാണ്. അതുകൊണ്ട്, നമ്മുടെ പ്രകൃതത്തിന് പുറമേയുള്ള

യാതൊന്നിനും നമ്മുടെ പ്രകൃതത്തിലുള്ള പാപത്തോട് ഇടപെടുവാൻ നമ്മെ സഹായിക്കുവാൻ കഴിയുകയില്ല. നമുക്ക് മറ്റൊരു ജീവൻ നമ്മിലേക്ക് വരേണ്ടതുണ്ട്. മാനവചരിത്രത്തിൽ ഒരു വ്യക്തി മാത്രമേ നമ്മുടെ ജീവനായി നമ്മുടെ ഉള്ളിലേക്ക് വന്ന്, നമ്മിലുള്ള സർപ്പസ്വഭാവത്തെ നേരിടുവാൻ പ്രാപ്തിയുള്ളവനായിട്ടുള്ളു. കൺഫ്യൂഷ്യസിനോ, പ്ളേറ്റോയ്ക്കോ, അത് ചെയ്യുവാൻ കഴിയുകയില്ല. അത് ചെയ്യുവാൻ കഴിയുന്നവൻ മഹാനായ ഞാനാകുന്നവനായ യഹോവ മാത്രമാണ്. അവനു മാത്രമേ ജീവനായി നമ്മിലേക്ക് വന്ന് നമ്മുടെ ഉള്ളിലുള്ള പാപപ്രകൃതത്തെ നിഷ്ഫലമാക്കുവാൻ കഴിയുകയുള്ളു. നമ്മുടെ അടിമത്തം പുറമേയുള്ള ഒരു കാര്യമല്ല; അത് നമ്മുടെ പ്രകൃതത്തിൽ പോലുമുള്ള ആന്തരിക കാര്യമാണ്. ഈ അടിമത്തത്തിൽനിന്ന് നമ്മെ സ്വതന്ത്രരാക്കുവാൻ നമുക്ക് മറ്റൊരു ജീവൻ, ശക്തവും സമ്പന്നവുമായ ഒരു ഉന്നത ജീവൻ ആവശ്യമാണ്. അങ്ങനെയുള്ള ജീവനാകുവാൻ കർത്താവിനു മാത്രമേ കഴിയുകയുള്ളു. അവൻ വാസ്തവമായും അങ്ങനെയുള്ള ഒരു ജീവനാണ്. കാരണം അവൻ ദിവ്യജീവനാണ്. ദിവ്യജീവൻ മനുഷ്യജീവനെക്കാൾ ഉന്നതമാണ്. അത് സാത്താന്യജീവനെക്കാളും ഉന്നതമാണ്. ഈ ദിവ്യജീവൻ നമ്മിലേക്ക് വരുമ്പോൾ അത് സർപ്പജീവനെയും സർപ്പപ്രകൃതത്തെയും തോൽപ്പിക്കുന്നു.

## E. പാപത്തിന്റെ പരിണതഫലത്തിൽനിന്ന്- മരണത്തിൽനിന്ന്- മനുഷ്യനെ രക്ഷിക്കുവാൻ പ്രാപ്തൻ

കർത്താവ് പാപത്തിന്റെ പരിണതഫലമായ മരണത്തിൽനിന്ന് മനുഷ്യനെ രക്ഷിക്കുവാൻ പ്രാപ്തനാണ്(8:24,51-52). പാപത്തോട് ഇടപെട്ടുകഴിഞ്ഞാൽ, സ്വാഭാവികമായും പാപത്തിന്റെ പരിണതഫലവും നീക്കപ്പെടും. ന്യായപ്രമാണത്തിന്റെ മതത്തിന് ഇത് ചെയ്യുവാൻ കഴിയുകയില്ല. കാരണം അത് മരണത്തിൽ പരിണമിക്കുന്ന അറിവിന്റെ വൃക്ഷത്തിന്റേതാണ്(ഉല്പ.2:17). തത്ത്വത്തിൽ, പാപത്തിന്റെ പരിണതഫലത്തിൽനിന്ന് മനുഷ്യനെ രക്ഷിക്കുക എന്നത് മരണത്തെ ജീവനാക്കി മാറ്റുക എന്നതാണ്.